**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2601** **13-12-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രൊജക്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച കയപ്പനച്ചി കുന്നുംചിര എടച്ചേരി റോഡിന്റേയും മൂന്നാം കൈ കരിങ്ങാട് റോഡിന്റേയും ഭരണാനുമതി എന്ന് ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ; | (എ) | **കയപ്പനച്ചി കുന്നുംചിര എടച്ചേരി റോഡ്**<br><br>നാദാപുരം മണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച്, 10.07.2017-ലെ സ.ഉ (സാധാ) നം. 942/2017/ പി.ഡബ്ല്യൂഡി നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്ന "കയപ്പനച്ചി ചുണ്ടയിൽ പുതിയങ്ങാടി റോഡ്" എന്ന പ്രവൃത്തി "കയപ്പനച്ചി കുന്നുംചിര എടച്ചേരി (പുതിയങ്ങാടി) റോഡ്" എന്ന് പുനർനാമകരണം ചെയ്തു കൊണ്ട് 16.04.2022-ലെ സ.ഉ (സാധാ) നം. 449/2022/ പി.ഡബ്ല്യൂഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് കിഫ്ബിയിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം പുതുക്കിയ അലൈൻമെന്റിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗം ആവശ്യമായ പരിശോധനകൾ നടത്തി റിപ്പോർട്ട് ഡിസൈൻ വിംഗിന് നൽകിയിട്ടുണ്ടെന്നും KRFB അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.<br><br>**മൂന്നാംകൈ കരിങ്ങാട് റോഡ്**<br><br>10.07.2017-ലെ സ.ഉ (സാധാ) നം. 942/2017/ പി.ഡബ്ല്യൂഡി നമ്പർ ഉത്തരവ് ഭരണാനുമതി നൽകിയിരുന്ന മൂന്നാംകൈ കരിങ്ങാട് കൈവേലി |

| | | | |
|---|---|---|---|
| | | | റോഡിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിയിൽ സമർപ്പിച്ചതും, കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം അവലോകനം നടത്തിയിട്ടുള്ളതുമാണ്. നിർദ്ദിഷ്ട റോഡ് ട്രാഫിക് volume കുറഞ്ഞതും കുറഞ്ഞ ROW ഉള്ളതുമായതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കിഫ്ബി ഫണ്ട് അനുവദിക്കാനാവില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ധനാനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |
| (ബി) | പ്രസ്തുത പ്രവർത്തികളുടെ ഭരണാനുമതി ലഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതി നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എ പിരിവിലെ മറുപടിയിൽ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ